**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **12-07-2022 - ൽ മറുപടിയ്ക്ക്**

**വനഭൂമിയും പരിസ്ഥിതി ലോല മേഖലകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വനവിസ്തൃതി ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2009-10 മുതൽ 2019-20 വരെയുള്ള ഭരണ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തെ വന വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | വനമേഖലകളിൽ നിരന്തര ഫീൽഡ് പരിശോധന നടത്തുകയും, വനം കയ്യേറ്റം നടത്തുന്നവരെ കണ്ടെത്തി വന നിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ചു വരുന്നുണ്ട്. കൂടാതെ വനസംരക്ഷണത്തിന്റെ ഭാഗമായി വനസംരക്ഷണ ജീവനക്കാർക്കുവേണ്ടി കൂടുതൽ സൗകര്യങ്ങളോടെ പുതിയ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി പുനസ്ഥാപനത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (സി) | സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം പരിസ്ഥിതി ലോലമേഖലകൾ പുനർ നിർവ്വചിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (സി) | ബഹു. സുപ്രീം കോടതിയുടെ IA-1000/2003 നമ്പർ വിധിപ്രകാരം പരിസ്ഥിതിലോല മേഖലകൾ നാളിതുവരെ പുനർ നിർവ്വചിച്ചിട്ടില്ല. ബഹു. സുപ്രീം കോടതി വിധിയുടെ പാര 44 (എഫ്) ൽ പറയുന്നതുപോലെ സംസ്ഥാനത്തെ ഇക്കൊ സെൻസിറ്റീവ് സോണുകളിൽ ഇളവ് ലഭിക്കുന്നതനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കോടതി പറയുന്ന മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന മേഖലകൾ മിക്കതും ഇപ്പോൾ ജനവാസ മേഖലകൾ ആയി മാറിയതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളെ കുടിയൊഴിപ്പിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്നും വെളിപ്പെടുത്തുമോ? | (ഡി) | കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയത്തിന്റെ F.No. 1-9/2007 WL-1 (pt) നമ്പർ കത്ത് പ്രകാരം 09.02.2011 ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നത്, ആയത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല. |

സെക്ഷൻ ഓഫീസർ